# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. * 224 — 12.02.2019 ലെ മറുപടി

## ഡാമുകളിലെ മണൽ നീക്കം ചെയ്യുന്നതിന് നടപടി

**ചോദ്യം**

ശ്രീ.പി.കെ.ബഷീർ
,, പാറക്കൽ അബ്ദുല്ല
,, പി.കെ.അബ്ദു റബ്ബ്
,, എൻ. ഷംസുദ്ദീൻ :

**മറുപടി**

കെ.കൃഷ്ണൻകുട്ടി
(ജലവിഭവ വകുപ്പുമന്ത്രി)

(എ) സംസ്ഥാനത്തെ വിവിധ ഡാമുകളിലായി അടിഞ്ഞുകൂടിയ മണൽ നീക്കം ചെയ്യുന്നതിന് എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്;

(ബി) ഇക്കാര്യത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(എ) യും (ബി) യും ഡാമുകളിലും റിസർവോയറുകളിലും കെട്ടിക്കിടക്കുന്ന ചെളിയും എക്കലും മണലും നീക്കം ചെയ്ത് ഡാമുകളുടെ സംഭരണശേഷി വർദ്ധിപ്പിച്ച് പൂർവരൂപത്തിലാക്കുന്നതിന് ഒരു സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീഡിയർ (SOP) 26/09/2017-)0 തീയതിയിലെ സർക്കാർ ഉത്തരവ് (എംഎസ്)നം.79/2017/ ജവിവ പ്രകാരം അംഗീകരിച്ചിട്ടുണ്ട്. കൂടാതെ GO(Rt) No.425/2018/WRD dated 16/06/2018 പ്രകാരം ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ ഒരു ഉന്നതാധികാര സമിതി രൂപീകരിച്ചിട്ടുണ്ട്. ചീഫ് സെക്രട്ടറിക്കു പുറമേ ജലവിഭവ,ധനകാര്യ , ഊർജ്ജ, റവന്യൂ, വനം വന്യ ജീവി വകുപ്പ് സെക്രട്ടറിമാരും ഈ സമിതിയിൽ അംഗങ്ങളാണ്. 02.11.2018-ൽ ഉന്നത അധികാര സമിതി യോഗം ചേർന്ന് SOP, മംഗലം, ചുള്ളിയാർ എന്നീ പൈലറ്റ് പദ്ധതികളുടെ DPR എന്നിവയിൽ ചില ഭേദഗതികൾ ശുപാർശ ചെയ്തിട്ടുണ്ട്. ആയതിന് ചീഫ് ടെക്നിക്കൽ എക്സാമിനർ നൽകിയ അഭിപ്രായം പരിശോധിച്ചു വരുന്നു. കൂടാതെ അരുവിക്കര ഡാമിന്റെ സ്ഥാപിത സംഭരണശേഷി വീണ്ടെടുക്കുന്നതിന്റെ ഭാഗമായി ചെളിയും മണലും നീക്കം ചെയ്യുന്നതിന് കേരള വാട്ടർ അതോറിറ്റി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| (സി) | ഈ മണൽ ആവശ്യക്കാർക്ക് എപ്രകാരം വിതരണം ചെയ്യാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (സി) | മംഗലം, ചുള്ളിയാർ എന്നീ പെലറ്റ് പദ്ധതികൾ രണ്ട് രീതിയിലുള്ള ടെണ്ടർ നടപടികൾ ആയിരിക്കും സ്വീകരിക്കുക -Turn Key പ്രകാരവും Work Contract പ്രകാരവും . Work Contract പ്രകാരമുള്ള ടെണ്ടർ ചെയ്യുമ്പോൾ, ലഭിക്കുന്ന മണൽ, റവന്യൂ അധികാരികൾക്ക് കൈമാറുന്നതാണ്. Turn Key പ്രകാരം ടെണ്ടർ ചെയ്യുമ്പോൾ മണൽ എക്കൽ എന്നിവ നീക്കം ചെയ്യുന്നതിനും, വേർതിരിക്കുന്നതിനും കിട്ടുന്ന മണൽ ടെണ്ടർ പിടിക്കുന്നയാൾ തന്നെ ലേലം ചെയ്യുന്നതുമാണ്. |

**സെക്ഷൻ ഓഫീസർ**